മൂസായെ അനുകരിച്ച് പലരും കിണറുകൾ കുഴിച്ചു. ഏതാണ്ട് നാല്പതിനായിരം ഏക്കർ മരുഭൂമി ഹരിത ഉദ്യാനങ്ങളായി.

മൂസാ അലമിയുടെ ശുഭാപ്തി വിശ്വാസത്തിന്റെ ഇതിഹാസം ലോകത്തിന് പരിചയപ്പെടുത്തിയത് നോർമൻ വിൻസന്റ് പീൽ ആണ്. മൂസായുടെ ശുദ്ധജലമൊഴുകുന്ന കിണറുകളും ഉദ്യാനങ്ങളും നോർമൻ വിൻസന്റ് പീൽ (Norman Vincent Peel) നേരിട്ട് കണ്ടു.

ഇന്നത്തെ തലമുറയ്ക്ക് അന്യമായ അർത്ഥപൂർണ്ണവും വ്യക്തവുമായ ലക്ഷ്യം മൂസായ്ക്കുണ്ടായിരുന്നു. അതാണ് ദർശനം അഥവാ vision എന്ന് നാം പറയുന്നത്. എന്തെങ്കിലും ഒരു ലക്ഷ്യം അഥവാ goal ഉണ്ടാവുകയല്ല ആവശ്യം. അത് അർത്ഥപൂർണ്ണമായിരിക്കണം, വ്യക്തമായിരിക്കണം. അപ്പോൾ അതിന് ഒരു ആത്മീയതയുണ്ടാകും. അത്തരം ദർശനങ്ങളില്ലാത്തവർ നശിക്കുമെന്നും മര്യാദകെട്ട് നടക്കുമെന്നും നാം വായിക്കുന്നു. ഇത്തരം ലക്ഷ്യങ്ങളില്ലാത്തവരുടെ ലക്ഷണം മോഹഭംഗമാണ്. ഇവർ അലഞ്ഞു നടക്കും, എന്തെങ്കിലുമൊക്കെയാകും. വഴി തെറ്റി നടക്കുന്നുവരെ നിരീക്ഷിച്ചുനോക്കൂ.

രണ്ടാമതായി മൂസായ്ക്ക് ഉണ്ടായിരുന്നത് ശുഭാപ്തി വിശ്വാസമാണ്. മരുഭൂമിയിൽ വെള്ളം കിട്ടണം, കിട്ടിയേ പറ്റൂ. മറ്റൊരു പോംവഴിയില്ല. ശുഭാപ്തി വിശ്വാസം എന്ന മനോഭാവത്തിന്റെ അഭാവമാണ് പലരുടെയും കാതലായ പ്രശ്നം. ചുറ്റുപാടുകളും, അന്തരീക്ഷവുമെല്ലാം അനുകൂലമായി വരുമ്പോൾ ഉണ്ടാകുന്ന സന്തോഷമല്ല ശുഭാപ്തി വിശ്വാസം. എല്ലാം പ്രതികൂലമായി വരുമ്പോഴും എല്ലാ വഴികളും അടയുമ്പോഴും അതിനപ്പുറത്ത് വിജയമുണ്ടെന്ന് വിശ്വസിക്കയും, അതിനു വേണ്ടി നിർഭയമായി മുന്നേറുകയും ചെയ്യുന്നതാണ് യഥാർത്ഥ ശുഭാപ്തി വിശ്വാസം. അതായിരുന്നു മൂസയുടെ സ്വത്ത്.

മൂന്നാമത്തേത് നിശ്ചയദാർഢ്യത്തോടെയുള്ള അദ്ധ്വാനം. അദ്ധ്വാനമില്ലാത്ത ശുഭാപ്തിവിശ്വാസം വെറും അലങ്കാരം മാത്രമാണ്. മാനസികമായും ശാരീരികമായും അദ്ധ്വാനിക്കാത്ത തലമുറയ്ക്ക് ഒരിക്കലും നിലനിൽക്കാനാവില്ല. അവിടെയാണ് മൂസാ അലമി അദ്ധ്വാനത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പ്രതീകമാകുന്നത്.

അത്യാധുനിക യന്ത്രങ്ങളുടെ അഭാവത്തിൽ കൈയിൽ കിട്ടിയ മൺവെട്ടിയും കുന്താലിയും ഉപയോഗിച്ച് കുഴിക്കാൻ തുടങ്ങിയതാണ്, അതിനുള്ള നിശ്ചയദാർഢ്യമാണ് ഏറ്റവും പ്രധാനം. അദ്ധ്വാനിക്കാൻ മനസ്സില്ലാത്ത തലമുറയാണ് നമ്മുടേത്. അദ്ധ്വാനിക്കാൻ നാം യുവതലമുറയെ പഠിപ്പിക്കുന്നില്ല. ഓരോ കൗമാരപ്രായക്കാരനും മൊബൈലിൽ തുറിച്ചുനോക്കി മുക്കിലും മൂലയിലും ഇരിക്കുന്ന പരിതാപകരമായ കാഴ്ച നാം എന്നും കാണുന്നില്ലേ. അവർക്ക് സ്വപ്നങ്ങളില്ല, ലക്ഷ്യങ്ങളില്ല, ശുഭാപ്തി വിശ്വാസമില്ല, അദ്ധ്വാനിക്കാൻ മനസ്സുമില്ല.

വിജയസാദ്ധ്യതകൾ തേടി കൗൺസലിങ്ങിനെത്തുന്നവരുടെ പ്രശ്നം മുകളിൽ പറഞ്ഞ കാര്യങ്ങളുടെ അഭാവം മാത്രം. അതിന് കൗമാരക്കാർക്ക് ബോധപൂർവ്വമായ പരിശീലനം നൽകിയേ മതിയാകൂ. ഈ പുതിയ വർഷത്തിൽ അതിനുള്ള തീരുമാനങ്ങളുമായി നമുക്കു മുന്നോട്ടുപോകാം.

എല്ലാവർക്കും ശുഭാപ്തി വിശ്വാസത്തിന്റെയും അർത്ഥപൂർണ്ണവും വ്യക്തവുമായ ലക്ഷ്യബോധത്തിന്റെയും നിശ്ചദാർഢ്യത്തോടെയുള്ള അദ്ധ്വാനത്തിന്റെയും പുതിയ വർഷം-2020 ആശംസിക്കുന്നു.

9895992129

# കർത്താവേ, വരണമേ



പോൾ തേലക്കാട്ട്

"കർത്താവേ, വരണമേ" (മാറാനാത്ത) എന്ന പ്രാർത്ഥനകൊണ്ടാണ് യോഹന്നാന്റെ വെളിപാടു പുസ്തകം അവസാനിക്കുന്നത്. ഇതു ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തെ കാത്ത ആദിമ ക്രൈസ്തവരുടെ പ്രാർത്ഥനയായിരുന്നു. ഈ പ്രാർത്ഥനയുടെ വ്യംഗ്യം കർത്താവിന്റെ അസാന്നിദ്ധ്യമാണ്. ക്രിസ്തുവിന്റെയും ദൈവികതയുടെയും അസാന്നിദ്ധ്യം ഒരു മുറിവായി - നിലവിളിയായി ഉയരുന്നു. നാലു സുവിശേഷങ്ങളും അവസാനിക്കുന്നതു യേശുവിന്റെ അസാന്നിദ്ധ്യം പ്രഖ്യാപിച്ചുകൊണ്ടാണ്.

യേശുവിന്റെ ഉപമകൾ പലതും അസാന്നിദ്ധ്യത്തിന്റെ കഥകളാണ്. മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ തോട്ടം കൃഷിക്കാരെ ഏല്പിച്ചുപോകുന്നു. അവന്റെ അസാന്നിദ്ധ്യത്തിൽ കൃഷിക്കാർ ഉത്തരവാദിത്തം മറന്നു പ്രവർത്തിക്കുന്നു. താലന്തുകൾ വിതരണം ചെയ്തിട്ടു ദാതാവ് അപ്രത്യക്ഷനാകുന്നു; കടുകുമണിയുടെയും പുളിമാവിന്റെയും ഉപമകളിൽ അദൃശ്യതയാണു പ്രധാനം. കാര്യസ്ഥന്റെ കഥയിൽ കാര്യസ്ഥൻ സ്ഥലത്തില്ല. കന്യകമാരുടെ കഥയിലെ മണവാളൻ ഇല്ല, വരാനിരിക്കുന്നതേയുള്ളൂ.

അവൻ ഇല്ലാത്തപ്പോഴത്തെ ജീവിതമാണു വിലയിരുത്തപ്പെടുന്നത്. അവൻ ഇല്ലാത്തപ്പോൾ അവനെ മറന്നോ എന്നതാണു പ്രധാനം. അവന്റെ അസാന്നിദ്ധ്യത്തിൽ അവനോടുള്ള ഉത്തരവാദിത്തം നിറവേറ്റിയോ? ദൈവമില്ലാത്തിടത്തു നീ ദൈവത്തിനു പകരമായോ? അവന്റെ അസാന്നിദ്ധ്യം ഒരു മുറിവായി വേദനിക്കുകയും അതു പ്രാർത്ഥനയാകുകയും ചെയ്യുമ്പോഴാണ് അവൻ സന്നിഹിതമാകുന്നത്.

9387074506

മരുഭൂമിയിലെ നീരുറവ

# അധിനിവേശത്തിന്റെ അടയാളപ്പെടുത്തലുകൾ: സഭാപ്രസംഗിയുടെ ഒരു പുനർവായന



റവ. ഡോ എ. സി. തോമസ് സെറാംപൂർ കൽക്കട്ട

യിസ്രായേൽ ചരിത്രത്തിൽ കാതലായ മാറ്റം ഉണ്ടായത് പ്രവാസാനന്തര കാലഘട്ടത്തിലാണ്. ബാബിലോൺ പ്രവാസത്തിൽ കഴിഞ്ഞിരുന്ന യഹൂദന്മാരിൽ കുറേപ്പേർ പേർഷ്യൻ രാജാവായ സൈറസിന്റെ ഒരു ഉത്തരവിലൂടെ യെരുശലേമിലേക്ക് മടങ്ങി. തുടർന്ന് അവരുടെ മത-സാമൂഹിക-രാഷ്ട്രീയ ഭാഗധേയം രൂപപ്പെടുത്തിയതിൽ എസ്രാ, നെഹമിയാവ് എന്നിവരുടെ പങ്ക് എടുത്തുപറയേണ്ടതാണ്. എസ്രാ ന്യായശാസ്ത്രി രണ്ടാം മോശെ എന്ന് അറിയപ്പെടുന്നു. പുരോഹിത വംശത്തിൽപ്പെട്ട എസ്രായും പേർഷ്യയിലെ ഉദ്യോഗസ്ഥവർഗത്തിൽപ്പെട്ട നെഹമിയാവും ചേർന്ന് രൂപപ്പെടുത്തിയ രണ്ടാം ദേവാലയ കാലഘട്ടത്തിലെ യിസ്രായേലിന്റെ സ്വഭാവം പുനർവായന നടത്തേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

മോശെയിലൂടെ ആരംഭിക്കയും തുടർന്ന് പ്രവാചകസമൂഹങ്ങളിലൂടെ പരിപോഷിപ്പിക്കയും ചെയ്ത തോറായുടെ (ന്യായപ്രമാണം) ശാക്തീകരണമാണ് എസ്രായുടെ കാലത്ത് നടന്നതെന്ന് പൊതുവേ കരുതപ്പെടുന്നു. ഈ കാലഘട്ടത്തിൽ വന്നുചേർന്ന പരിണിതികൾ ഒരു പുനർവായന നടത്തേണ്ടതുണ്ട്.

**ആത്മാവ് നഷ്ടപ്പെട്ട തോറാ**

തോറാ എന്നാൽ നിർദ്ദേശങ്ങൾ എന്നാണ് മൂലപദം കൊണ്ട് വിവക്ഷിക്കുന്നത്. ഈ നിർദ്ദേശങ്ങൾ എല്ലാം തന്നെ ദൈവത്തെക്കുറിച്ചുള്ള പ്രവാചകവീക്ഷണത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. ലോകമാനവികതയും സൃഷ്ടാവായ ദൈവത്തിലുള്ള വിശ്വാസവും ബലഹീനരോടുള്ള ദൈവത്തിന്റെ കരുണയും സ്ത്രീകളുടെ അസ്ഥിത്വത്തെ ബഹുമാനിക്കുന്ന സാമൂഹ്യഘടനയും (digninty of women) പീഢിതരെ സമൂഹത്തിന്റെ ഭാഗമാകുവാൻ കഴിയുന്ന ഉൾക്കൊള്ളലിന്റെ ദർശനവും (inclusive) തോറായുടെ ആത്മാവാണ്. ഈ ആത്മാവിൽ നിന്നുകൊണ്ടാണ് തോറായുടെ ഓരോ നിർദ്ദേശങ്ങളും അതാത് കാലത്ത് രൂപപ്പെടുത്തിക്കൊണ്ടിരുന്നത്. അതായത് തോറാ ഒരു നിയമവ്യവസ്ഥ എന്നതിനപ്പുറത്ത് ഒരു മുന്നേറ്റത്തിന്റെ ദാർശനിക അടിത്തറയിൽ പടുത്തുയർത്തിയ ജീവനുള്ള ഒരു വ്യവസ്ഥയാണ്. എസ്രായുടെ കാലം മുതൽ ഇതിന് എന്തെല്ലാം മാറ്റങ്ങൾ വന്നു എന്നത് തിരിച്ചറിയേണ്ടതുണ്ട്.

**ജീവിപ്പിക്കുന്ന ആത്മാവും കൊല്ലുന്ന അക്ഷരങ്ങളും**

അക്ഷരങ്ങൾ കൊല്ലുന്നു, ആത്മാവ് ജീവിപ്പിക്കുന്നു എന്ന പൗലോസിന്റെ നിരീക്ഷണം തോറായോടുള്ള സമീപനത്തിൽ വന്ന മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. സനാതനമൂല്യങ്ങളുടെ ആത്മാവിൽ രൂപപ്പെട്ട തോറാ, പ്രവാസാനന്തരം യുക്തിയുടെ അടിത്തറയിൽ വ്യാഖ്യാനിക്കപ്പെടുന്ന നിയമവ്യവസ്ഥയായി മാറി. അത് ഒരു മതരാഷ്ട്രത്തിന്റെ ഭരണഘടനയായി മാറി. അങ്ങനെ പ്രവാചകപ്രസ്ഥാനം മതമായി. യഹൂദമതം രൂപപ്പെട്ടു. നാളിതുവരെ ഏതൊരു പീഢിത സമൂഹത്തേയും ഉൾക്കൊള്ളുവാൻ സാധിച്ചിരുന്ന, ജാതികൾക്ക് പ്രകാശമായി തീരുവാൻ നിയോഗിക്കപ്പെട്ട സമൂഹം മതിലുകൾ പണിതുയർത്തി വാതിലുകൾ അടക്കപ്പെട്ട മതമായി മാറ്റപ്പെട്ടു (exclusive community); വംശശുദ്ധീകരണം ആരംഭിച്ചു. മോശെ തുടങ്ങിവച്ചത് ഒരു മിശ്രസമൂഹം ആയിരുന്നു എന്ന് ഓർക്കുക (പുറപ്പാട് 12:38). സനാതന മൂല്യങ്ങൾ ലോകത്തിന് സമ്മാനിച്ച തോറാ, പ്രമാണങ്ങളും തത്വസംഹിതകളും ആയി മാറി (shift from dynamic movement to exclusive religion, from dynamic stories to creed and doctrines). ജാതികളിൽ നിന്നും വിവാഹത്തിലൂടെ സ്വീകരിച്ച സ്ത്രീകളേയും അവരിൽ ഉണ്ടായ കുഞ്ഞുങ്ങളേയും അനാഥരാക്കിയ തീരുമാനം, ശമര്യരെ പുറത്താക്കുവാനുള്ള തീരുമാനം ഇവയെല്ലാം ഈ വംശശുദ്ധീകരണത്തിന്റെ ഉദാഹരണങ്ങളാണ്. ഇവയെല്ലാം സാധ്യമായത് പേർഷ്യൻ-പുരോഹിത കൂട്ടുകെട്ടിന്റെ ഫലമായാണ്. സാമ്രാജ്യത്വ അധിനിവേശ ശക്തികളും പൗരോഹിത്യ സമൂഹത്തിലെ ഒരു ന്യൂനപക്ഷവും ചേർന്നുള്ള ഒരു അവിശുദ്ധ കൂട്ടുകെട്ട് യിസ്രായേൽ എന്ന പ്രവാചക പ്രസ്ഥാനത്തെ ഒരു പൗരോഹിത്യ കുടുംബവാഴ്ചയുടെ മതമാക്കി മാറ്റിയതിന്റെ ഉദ്ദേശ്യം എന്തായിരുന്നു എന്ന് പിന്നീടുള്ള ചരിത്രം സൂചനകൾ നൽകുന്നുണ്ട്.